2. ബയോഗ്യാസ് പദ്ധതികൾ

3. സോളാർ-വിൻഡ് ഹൈബ്രിഡ് പദ്ധതികൾ

4. സോളാർ വാട്ടർ ഹീറ്റർ പദ്ധതികൾ

കൂടാതെ സാങ്കേതിക വാണിജ്യ നഷ്ടം 15% ആക്കി കുറയ്ക്കുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.എ.ഡി.പി.ആർ.പി. പദ്ധതിയുടെ പാർട്ട്-ബിയുടെ നടത്തിപ്പിലൂടെ ഊർജ്ജവിതരണ രംഗത്തെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) ഈ പദ്ധതികളിലൂടെ 363.64 ലക്ഷം രൂപയുടെ കേന്ദ്ര സഹായം സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. കൂടാതെ ആർ.എ.പി.ആർ.പി.-യുടെ പാർട്ട്-ബി പദ്ധതിയുടെ നടത്തിപ്പിനായി ഇതുവരെ 54.16 കോടിരൂപയുടെ കേന്ദ്ര സഹായം ലോണായും ലഭിച്ചിട്ടുണ്ട്.

തോട്ടങ്ങളുടെ പുനരുദ്ധാരണം

27(*297) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കെ. സി. കുഞ്ഞിരാമൻ :
ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാനും തോട്ടങ്ങളുടെ പുനരുദ്ധാരണത്തിനുമായി സംസ്ഥാന സർക്കാർ കേന്ദ്രത്തിനു സമർപ്പിച്ച പാക്കേജിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട് ;

(ബി) തോട്ടം മേഖലയിലെ പ്രതിസന്ധിമൂലം ജോലിയില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്കായി എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) ഇപ്പോൾ ഏതെല്ലാം തോട്ടങ്ങളാണ് അടഞ്ഞുകിടക്കുന്നത് ; ഇവ തുറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ?

എക്സൈസും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) : സർ,

(എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ പുനരുദ്ധരിപ്പിക്കുന്നതിനും തുറന്നു പ്രവർത്തിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പാക്കേജിൽ സംസ്ഥാനത്തെ തേയിലത്തോട്ടങ്ങളെ മാത്രമാണ് ഉൾപ്പെടുത്തിയിരുന്നത്. അതനുസരിച്ച് ടി ബോർഡുവഴി മാനേജ്മെന്റുകൾക്ക് നേരിട്ടാണ് ഈ പാക്കേജ് വഴിയുള്ള സഹായം അനുവദിച്ചിരുന്നത്. ആയതു കൊണ്ട് എത്ര കോടി രൂപ ഇതിനായി അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം സംസ്ഥാന സർക്കാരിന് ലഭ്യമല്ല.

LIBRARY, ARCHIVES Kerala Legislative Assembly

(ബി&സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സർക്കാർ താഴെ പറയുന്ന വിവിധങ്ങളായ ആശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട് ;

1. സൗജന്യറേഷൻ
2. ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം
3. കുടിവെള്ളം, വൈദ്യുതി
4. ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായം
5. ആരോഗ്യപരിപാലനം
6. വിദ്യാഭ്യാസ ധനസഹായം (1-ാം ക്ലാസ്സ് മുതൽ ഹയർസെക്കണ്ടറി വരെയുള്ള കുട്ടികൾക്ക്)
7. ഉന്നത വിദ്യാഭ്യാസ ധനസഹായം. (പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെ)
8. മാരകരോഗം ബാധിച്ചവർക്ക് ധനസഹായം (5,000 രൂപ മുതൽ 30,000 രൂപ വരെ)
9. മരണാനന്തര സഹായം (10,000 രൂപ)
10. തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം (10,000 രൂപ)

മേൽപ്പറഞ്ഞ ആശ്വാസ പ്രവർത്തനങ്ങൾ കൂടാതെ 2007-ലെ തോട്ടം തൊഴിലാളി ക്ഷേമഫണ്ട് സ്കീം പ്രകാരം തോട്ടം മേഖലയിൽ പ്രകൃതി ക്ഷോഭം, പകർച്ചവ്യാധി, കഠിനമായ ദാരിദ്ര്യം എന്നിവമൂലം കഷ്ടതയനുഭവിക്കുന്ന തൊഴിലാളികൾക്ക് 1000 രൂപ വീതം സഹായവും നൽകുന്നുണ്ട്. ആർ.ബി.റ്റി. ഗ്രൂപ്പിന്റെ കോഴിക്കാനം ടീ എസ്റ്റേറ്റ്, മൗണ്ട് ടീ എസ്റ്റേറ്റ്, തങ്കമല എസ്റ്റേറ്റ് എന്നിവയും ഹിരുമേട് ടീ കമ്പനിയുടെ ഹിരുമേട് എസ്റ്റേറ്റ്, ലോൺട്രീ എസ്റ്റേറ്റ് എന്നിവയുമാണ് ഇപ്പോൾ അടഞ്ഞുകിടക്കുന്നത്.

കേരളത്തിന് പുറത്തു നിന്നും ലഭിക്കുന്ന വൈദ്യുതി

29(*298) ശ്രീ. രാജാജി മാത്യു തോമസ് :
ശ്രീ. എൻ. രാജൻ :
ശ്രീ ബാബു പോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദക്ഷിണേന്ത്യയിലെ പുതിയ കേന്ദ്ര വൈദ്യുത നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് അർഹമായ വൈദ്യുതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly